(എ) സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(ബി) പ്രൊഡക്ഷൻ ഇൻസന്റീവ് കൂടി ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പശ്ചാത്തല വികസന പദ്ധതികൾക്ക് സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്ന് വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; ഓരോ ജില്ലയിലും ഈയിനത്തിൽ എന്ത് തുക വായ്പയായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് (സ്വാശ്രയ സഹായ പദ്ധതി) പരീക്ഷണാർത്ഥം 1997-ൽ കണ്ണൂർ ജില്ലയിലാണ് ആരംഭിച്ചത്. കണ്ണൂർ ജില്ലയിലെ സ്വാഗതാർഹമായ പുരോഗതിയുടെ അടിസ്ഥാനത്തിൽ 1998-ൽ എറണാകുളം പാലക്കാട് ജില്ലകളിലും, 1999-ൽ തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലും ആരംഭിച്ചു. 2000-ൽ സംസ്ഥാനത്തെ മറ്റെല്ലാ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കും.

(ബി) വായ്പ യഥാസമയം തിരിച്ചടയ്ക്കുന്ന ഗ്രൂപ്പുകൾക്ക് നിലവിലുള്ള പ്രൊഡക്ഷൻ ഇൻസന്റീവ് ആനുകൂല്യം നൽകുന്നുണ്ട്.

(സി) സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

നീതി സ്റ്റോറുകളുടെ പ്രവർത്തനം

122(1025) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നീതി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) നീതി സ്റ്റോറുകൾക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നത് ഏത് രീതിയിലാണ് ;

(സി) പർച്ചേസിംഗ് നടത്താറുള്ളത് കേന്ദ്രീകൃത രീതിയിൽ സംസ്ഥാനതലത്തിലാണോ ജില്ലാ തലത്തിലാണോയെന്ന് വിശദമാക്കാമോ ;

(ഡി) സാധനങ്ങൾ സംഭരിക്കുന്നതിന് ഗോഡൗൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏത് തലത്തിൽ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നീതി സ്റ്റോറുമായി ബന്ധപ്പെട്ടുള്ള സ്ഥാപനങ്ങളിൽ സ്റ്റാഫിനെ നിയമിക്കുന്നത് ഏത് ഏജൻസിയാണ് ; ഇതിന്റെ മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(എഫ്) നീതി സ്റ്റോറുകൾ ഇതുമായി ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾ, നീതി മെഡിക്കൽ സ്റ്റോർ എന്നിവിടങ്ങളിൽ നാളിതുവരെ എത്ര സ്റ്റാഫിനെ ഏതെല്ലാം തസ്തികകളിൽ നിയമിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ജി) പ്രസ്തുത നിയമനങ്ങളിൽ സംവരണതത്വങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

ജില്ലയുടെ പേര്	എണ്ണം
തിരുവനന്തപുരം	90
കൊല്ലം	84
പത്തനംതിട്ട	58
ആലപ്പുഴ	75
കോട്ടയം	73
ഇടുക്കി	51
എറണാകുളം	91
തൃശൂർ	94
പാലക്കാട്	90
മലപ്പുറം	95
കോഴിക്കോട്	80
വയനാട്	25
കണ്ണൂർ	84
കാസർഗോഡ്	30
ആകെ	1020

(ബി) നീതി സ്റ്റോറുകൾക്ക് ആവശ്യമായ സാധനങ്ങൾ കൺസ്യൂമർ ഫെഡറേഷനാണ് വാങ്ങി നൽകുന്നത്. ഫെഡറേഷൻ അരി, പഞ്ചസാര, മുളക്, ചെറുപയർ, ഉഴുന്ന്, തുവര മുതലായവ ഉല്പാദനകേന്ദ്രങ്ങളിൽ നിന്നും മറ്റ് സാധനങ്ങൾ അതാതു സമയത്ത് മാർക്കറ്റ് റേറ്റ് വിലയിരുത്തി ഉല്പാദകരിൽ നിന്നും വിതരണക്കാരിൽ നിന്നും ലഭ്യത അനുസരിച്ച് വാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ ജില്ലയിലേക്കും ആവശ്യമായ സാധനങ്ങളുടെ ഇൻഡന്റ് കൺസ്യൂമർ ഫെഡറേഷൻ ശേഖരിച്ചശേഷം കേന്ദ്രീകൃത രീതിയിൽ സംസ്ഥാന തലത്തിലാണ് പർച്ചേസിംഗ് നടത്തുന്നത്.

(ഡി) സാധനങ്ങൾ സംഭരിക്കുന്നതിന് സംസ്ഥാനത്തെ 14 ജില്ലകളിലും ഫെഡറേഷൻ ഗോഡൗൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) നീതി സ്റ്റോർ നടത്തുന്ന സഹകരണസംഘങ്ങളിലെ ഭരണ സമിതിയാണ് സ്റ്റാഫിനെ നിയമിക്കുന്നത്. കമ്മീഷൻവ്യവസ്ഥയിൽ നിയമനം നടത്താനാണ് സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുള്ളത്.

(എഫ്) നീതി സ്റ്റോറുകളിലും നീതി മെഡിക്കൽ സ്റ്റോറുകളിലും നടന്ന നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	നീതിസ്റ്റോർ		നീതി മെഡിക്കൽ സ്റ്റോർ	
	സെയിൽസ് മാൻ	മാനേജർ	ഫാർമിസ്റ്റ്	സെയിൽസ് സ്റ്റാഫ്/ഹെൽപ്പർ
തിരുവനന്തപുരം	164	1	6	11
കൊല്ലം	96	-	4	3
പത്തനംതിട്ട	60	4	5	9
ആലപ്പുഴ	76	-	5	2
കോട്ടയം	79	-	7	4
ഇടുക്കി	55	-	5	4
എറണാകുളം	102	-	13	6
തൃശൂർ	114	5	11	22
പാലക്കാട്	101	-	2	3
മലപ്പുറം	85	1	7	11
കോഴിക്കോട്	92	-	3	3
വയനാട്	24	-	1	2
കണ്ണൂർ	106	-	5	7
കാസർഗോഡ്	37	3	1	-
ആകെ	1191	14	77	87

LIBRARY ARCHIVES Kerala Legislative Assembly

(ജി) മേൽ നിയമനങ്ങൾ എല്ലാം കമ്മീഷൻ വ്യവസ്ഥയിലും കരാർ വ്യവസ്ഥയിലും അതാത് സംഘങ്ങളാണ് നടത്തിയിട്ടുള്ളത്.

സംസ്ഥാനത്തുള്ള നീതി സ്റ്റോറുകളുടെ എണ്ണം

123(1026) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പ് സംസ്ഥാനത്ത് എത്ര നീതി സ്റ്റോറുകൾ നടത്തുന്നുണ്ട് ; ഇവയുടെ മൊത്തം വരുമാനം എത്ര ;

(ബി) എത്ര നീതി സ്റ്റോറുകൾ വഴി പാചകവാതകസിലിണ്ടറുകൾ വിതരണം ചെയ്യുന്നുണ്ട് ;

(സി) നീതി സ്റ്റോറുകൾ പാചകവാതകം വാങ്ങുന്നത് ഏതൊക്കെ കമ്പനികളിൽ നിന്നാണ് ;

(ഡി) പുതിയ പാചകവാതക കണക്ഷൻ നൽകുന്നതിന് കാലതാമസം വരുന്നതായുള്ള വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഗ്യാസ് കണക്ഷന് അപേക്ഷിച്ചിട്ടുള്ള എല്ലാ അപേക്ഷകർക്കും കണക്ഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ 1020 നീതി സ്റ്റോറുകൾ നടത്തുന്നുണ്ട്. പ്രതിമാസം 12.84 ലക്ഷം രൂപ മൊത്ത വരുമാനമുണ്ട്.

(ബി) 895 നീതി സ്റ്റോറുകൾ.

(സി) (1) ശ്രീശക്തി എൽ.പി.ജി. കമ്പനി, ഹൈദ്രാബാദ് (2) കോൾ ഡി പെട്രോളിയം കമ്പനി, പാലക്കാട്.

(ഡി) ഇല്ല. പുതിയ ഗ്യാസ് കണക്ഷന് അപേക്ഷിച്ചിട്ടുള്ള എല്ലാവർക്കും 'ഫില്ലിംഗ് പെർമിറ്റ്' കിട്ടി പരമാവധി വേഗത്തിൽ ഗ്യാസ് കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടി കൺസ്യൂമർ ഫെഡറേഷൻ കൈക്കൊണ്ടു വരുന്നു.

സഹകരണവകുപ്പിലെ ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ നികത്താൻ നടപടി

124(1027) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണവകുപ്പിൽ ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നികത്താത്തത് ഓഡിറ്റിംഗിനെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly